8
ഏപ്രിൽ 2015
ബുധൻ
1190 മീനം 25

മലയാള മനോരമ
ESTABLISHED 1888

തിരുവനന്തപുരം
22 പേജ്
₹ 6.00

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com



# ജലം 20-20

## മലയാള മനോരമ പലതുള്ളി ജല കോൺഗ്രസ് സർക്കാരിനു സമർപ്പിച്ച 20 നിർദേശങ്ങൾ

**1.** കേരളത്തിലെ നദികളുടെയും നീർത്തടങ്ങളുടെയും സംരക്ഷണത്തിനായി റിവർ ആൻഡ് ലേക്ക് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുക. റിവർ മാനേജ്മെന്റ് ഫണ്ട് ഈ അതോറിറ്റിക്കു കൈമാറുക.

**2.** സംസ്ഥാനത്തെ ജലവിഭവം കൈകാര്യം ചെയ്യുന്ന 20 ഏജൻസികളെയും 12 വകുപ്പുകളെയും ഏകോപിപ്പിച്ചു മേൽപ്പറഞ്ഞ അതോറിറ്റിക്കു വർധിത അധികാരങ്ങൾ നൽകണം.

**3.** വിവിധ സ്ഥലങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായ ജലസംരക്ഷണ മാതൃകകൾക്കു പ്രചാരവും സാങ്കേതിക സഹായവും ലഭ്യമാക്കാൻ വാട്ടർ കൺസർവേഷൻ ആൻഡ് ടെക്നോളജി തീം പാർക്ക് (ബെംഗളൂരു മാതൃക) സ്ഥാപിക്കുക.

**4.** പുഴകളുടെയും മറ്റു ജലാശയങ്ങളുടെയും അതിർത്തി നിർണയിച്ച്, കയ്യേറ്റത്തിൽനിന്നു വീണ്ടെടുത്ത് റവന്യു രേഖകളിൽ ഉൾപ്പെടുത്തി ശാശ്വതമായി സംരക്ഷിക്കുക. പുഴയുടെ തീരം സംരക്ഷിക്കുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങളിൽ കോൺക്രീറ്റ് ഒഴിവാക്കുകയും ജൈവവേലി, കല്ലുകെട്ട് (ഗാബിയൺ) എന്നിവ പ്രചരിപ്പിക്കുകയും ചെയ്യുക.

**5.** ഏതെങ്കിലും മഴവെള്ളസംഭരണ മാർഗങ്ങൾ (കിണർ റിചാർജ്, മഴവെള്ള സംഭരണി) ഏർപ്പെടുത്താത്ത പുതിയ കെട്ടിടങ്ങൾക്ക് അനുമതി നമ്പർ നൽകരുത്.

**6.** ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കുന്ന ഏതെങ്കിലും ഒരു വാർഡിൽ അതിനു ചെലവായ തുകയുടെ 30% ഉപയോഗിച്ച് അടുത്ത വർഷത്തേക്കു നീർത്തടാധിഷ്ഠിത പ്രാദേശിക ജല പദ്ധതികൾക്കായി ഉപയോഗിക്കുക.

**7.** തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിന്റെ നിശ്ചിത ശതമാനം ജലസംരക്ഷണത്തിനു മാത്രമായി (പുഴ, തോട്, കുളം പുനരുജ്ജീവനത്തിന്) നീക്കിവയ്ക്കുക. കൊരട്ടി മാതൃകയിലുള്ള വാട്ടർ ക്വാളിറ്റി അറ്റ്ലസ് എല്ലാ പഞ്ചായത്തുകളിലും തയാറാക്കുക.

**8.** ജലസ്രോതസ്സുകൾ നികത്തിയുള്ള നിർമാണപ്രവർത്തനങ്ങൾക്ക് എംഎൽഎ ഫണ്ട് നൽകരുത്.

**9.** നിശ്ചിതവലുപ്പത്തിൽ കൂടുതലുള്ള ഫ്ലാറ്റുകളിലും സ്ഥാപനങ്ങളിലും മലിനജലം അവരവർ തന്നെ ശുദ്ധീകരിച്ചു പുനരുപയോഗിക്കണമെന്നു നിഷ്കർഷിക്കുക.

**10.** ജലപാഠവും കൃഷിപാഠവും നിർബന്ധമായും ഒന്നാംക്ലാസ് മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക. തുടർച്ചയെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുകയും ചെയ്യുക.

**11.** അമർനാഥ് മാതൃകയിൽ ശബരിമലയിലെ മാലിന്യം ശുചീകരിക്കാനുള്ള പദ്ധതിയുടെ സാധ്യത പരിശോധിക്കുക.

**12.** തരിശുപാടങ്ങളിലെ നെൽക്കൃഷി പ്രോൽസാഹിപ്പിക്കുക. പാടം നിലനിർത്തുന്നവർക്കു ധനസഹായം നൽകുന്നതു പരിഗണിക്കുക.

**13.** ഭൂപരിഷ്കരണ നിയമത്തിൽ കാലാനുസൃത പരിഷ്കാരങ്ങൾ വരുത്തി കൃഷിയും ജലസംരക്ഷണവും പ്രോൽസാഹിപ്പിക്കുക.

**14.** ഊർജ ഓഡിറ്റ് മാതൃകയിൽ വാട്ടർ ഓഡിറ്റ് നടപ്പാക്കുകയും ജലഗ്രാമസഭകളും റസിഡൻസ് ജലക്കൂട്ടായ്മകളും നിർബന്ധമാക്കുകയും ചെയ്യുക.

**15.** കേരളത്തിലെ 45 ലക്ഷം കിണറുകളെയും കിണർ റിചാർജിന്റെ ഭാഗമാക്കാൻ സബ്സിഡി ഉൾപ്പെടെയുള്ള ആകർഷക മാർഗങ്ങൾ അവലംബിക്കുക.

**16.** ജയിൽവകുപ്പ് 25 ലക്ഷം രൂപയുടെ വാട്ടർ അതോറിറ്റി ബില്ല് ഒഴിവാക്കാൻ മഴവെള്ളസംഭരണ പദ്ധതി നടപ്പാക്കിയതുപോലെ സർക്കാർ സ്ഥാപനങ്ങളിൽ മാതൃകാപദ്ധതി കൊണ്ടുവരിക.

**17.** കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യങ്ങളിൽനിന്നു ശുദ്ധജല സ്രോതസ്സുകൾക്കുണ്ടാകുന്ന ഭീഷണി എന്നന്നേക്കുമായി അവസാനിപ്പിക്കാൻ ശാസ്ത്രീയ നടപടികൾക്കു തുടക്കമിടുക.

**18.** ജലവിഭവത്തിന്റെ അന്തിമ ഉടമസ്ഥതയും മാനേജ്മെന്റും (രാജ് ആൻഡ് സമാജ്) ഉപഭോക്താക്കളായ ജനകീയ സമിതികളിൽ നിക്ഷിപ്തമാക്കുക. ജലം ഒരു കമ്പനിക്കു കച്ചവടം ചെയ്യാനുള്ള ഉൽപന്നമായി മാറരുത്.

**19.** പാനീയങ്ങൾ വിൽക്കുന്ന കുപ്പികൾ ഉപഭോക്താക്കളിൽ നിന്നു വില നൽകി തിരികെ വാങ്ങുന്ന പദ്ധതി നടപ്പാക്കുക. ഇത്തരം പാനീയങ്ങൾക്കു സെസ് ഏർപ്പെടുത്തി ഇതിനായി പണം കണ്ടെത്താം.

**20.** തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള പൊതുക്കിണറുകളും കുളങ്ങളും നവീകരിച്ച് ഉപയോഗയോഗ്യമാക്കുക.